# സാമൂഹ്യനീതി ഡയറക്ടറുടെ നപടിക്രമങ്ങൾ

## സാന്നിദ്ധ്യം. ശ്രീ. വി. എൻ. ജിതേന്ദ്രൻ, ഐ. എ. എസ്സ്.

ഉത്തരവ് നമ്പർ: ഇ.7/38852/2013 തീയതി 16 -01-2014

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം (ബോയ്സ്)-ശ്രീ. പി.കെ. മുഹമ്മദ് ചൈൽഡ്വെൽഫെയർ ഇൻസ്പെക്ടർ-21-10-2013ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ.9/29442/2013 നമ്പർ നടപടിക്രമം പ്രകാരം 21-07-2013 പൂർവാഹം പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത നടപടി - റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ജി. ഒ.(പി) നമ്പർ 54/2010/ സാ. ക്ഷേ.വ. തീയതി 10-08-2010
2. സാമൂഹ്യനീതി ഡയറക്ടറുടെ 29-06-2012 ലെ ഉത്തരവ് നമ്പർ: ഇ.7/20341/2012 നമ്പർ ഉത്തരവ്.
3. ശ്രീ. ചന്ദ്രൻ കണ്ണാലിയിൽ മുതൽ പേർ ഫയൽ ചെയ്ത ഒ. എ. നമ്പർ. 4/2013-ൻമേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 19-02-2013 ലെ വിധിന്യായം.
4. ജി. ഒ. (ആർ .ടി) നമ്പർ 474/2013 സാ. നീ.വ. തീയതി 20-09-2013.
5. സാമൂഹ്യനീതി ഡയറക്ടറുടെ ഉത്തരവ് നമ്പർ: ഇ.9/29442/2013 തീയതി 21-10-2013
6. ഒ. എ. നമ്പർ 2368/2013 നമ്പർ ഹർജിയിൻമേൽ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 22-10- 2013 ലെ വിധിന്യായം

സാമൂഹ്യ നീതി വകുപ്പിൽ ചൈൽഡ്വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ചന്ദ്രൻ കണ്ണാലിയിൽ (31-05-2013 ൽ സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞു), ശ്രീമതി. എം. സി മോളി, ശ്രീ. കെ. എം. അഹമ്മദ് റഷീദ് എന്നീ ജീവനക്കാർ ഫയൽ ചെയ്ത ഒ. എ. നമ്പർ. 4/2013 ൻമേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (3) ലെ വിധിന്യായം നടപ്പിലാക്കി സർക്കാർ പുറപ്പെടുവിച്ച പരാമർശം(4) ലെ ഉത്തരവിൽ പരാമർശം (1) പ്രകാരം നിലവിൽ വന്ന കേരളാ സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് കാറ്റഗറി നമ്പർ 12 ലേക്ക് 10-08-2010 ന് ശേഷം വിശേഷാൽ ചട്ടങ്ങൾക്ക് വിരുദ്ധമായി നടത്തിയ ഉദ്യോഗക്കയറ്റങ്ങൾ ചട്ടങ്ങൾക്കനുസൃതമായി പുനപരിശോധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2. പരാമർശം(2) ലെ ഉത്തരവിൻ പ്രകാരം കാറ്റഗറി 12 ലേക്ക് അനുവദിക്കപ്പെട്ടിരുന്ന ഉദ്യോഗക്കയറ്റങ്ങൾ വിശേഷാൽ ചട്ടങ്ങൾക്കനുസൃതമായി പുന:പരിശോധിച്ച് പുന:ക്രമീകരണം നടത്തണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ ചൈൽഡ്വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ പ്രസ്തുത ഉത്തരവിലൂടെ ക്രമനമ്പർ 20ാമതായി കെ. എസ് & എസ്സ്. എസ്സ്. ആർ ചട്ടം 31 (എ) (1) പ്രകാരം

താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ശ്രീ. പി.കെ. മുഹമ്മദിന്റെ പ്രൊബേഷൻ പരാമർശം (5) ലെ ഉത്തരവ് പ്രകാരം 21-07-2013 തീയതി പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (2) ലെ ഉത്തരവിലൂടെ കെ. എസ് & എസ്സ്. എസ്സ്. ആർ ചട്ടം 31 (എ) (1) പ്രകാരം ചൈൽഡ്‌വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ശ്രീമതി. എം. സി. മോളി മുതൽപേർ ചേർന്ന് തങ്ങളുടെ പ്രസ്തുത തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ. എ. നമ്പർ 2368/2013 നമ്പർ ഹർജിയിൻമേൽ പരാമർശം (6) പ്രകാരം പുറപ്പടുവിച്ച വിധിന്യായത്തിൽ ഹർജ്ജിക്കാരുടെ നിരീക്ഷണകാലം ഉത്തരവ് ലഭിച്ച് ആറ് ആഴ്ചക്കുള്ളിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകണമെന്ന് സാമൂഹ്യനീതി ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത കോടതി ഉത്തരവ് ലഭ്യമാകുന്നതിന് മുമ്പ് തന്നെ മേൽപ്പറഞ്ഞ ഹർജ്ജിയിലെ ഒരു പെറ്റീഷണറും കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോമിൽ ചൈൽഡ്‌വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച് സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീ. പി.കെ. മുഹമ്മദിന്റെ പ്രൊബേഷൻ പരാമർശം (5) ലെ ഉത്തരവ് പ്രകാരം 21-07-2013 തീയതി പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (3) ലെ ഉത്തരവിന്റേയും അതിനനുസൃതമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (4) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ചൈൽഡ്‌വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ അനുവദിച്ചിട്ടുള്ള ഉദ്യോഗക്കയറ്റങ്ങൾ പുനഃപരിശോധിച്ചതിൽ ഒമ്പത് ജീവനക്കാരുടെ ചൈൽഡ്‌വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റങ്ങൾ അംഗീകൃത തസ്തികകളിൽ അല്ലായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. അംഗീകൃത തസ്തികകളിൽ അല്ലാതെ അനുവദിക്കപ്പെട്ട ഉദ്യോഗക്കയറ്റങ്ങൾ സർക്കാർ അനുമതിയോടുകൂടി ക്രമീകരിക്കപ്പെട്ടതിന് ശേഷം മാത്രമേ പ്രസ്തുത അംഗീകൃതമല്ലാത്ത തസ്തികകളിൽ താൽക്കാലിക സേവനമനുഷ്ടിക്കുന്ന ശ്രീ. പി.കെ മുഹമ്മദ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ കഴിയുകയുള്ളു.

5. മേൽ സാഹചര്യങ്ങൾ നിലനിൽക്കവെ കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം (ബോയ്സ്) എന്ന സ്ഥാപനത്തിൽ അംഗീകൃതമല്ലാത്ത ചൈൽഡ്‌വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പി.കെ. മുഹമ്മദിന്റെ നിരീക്ഷണകാലം പ്രസ്തുത തസ്തികയിൽ 21-07-2013 പൂർവ്വാഹം പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച പരാമർശം (5) പ്രകാരമുള്ള നടപടിക്രമം ചട്ടപ്രകാരം നിലനിൽക്കുന്നതല്ല എന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ പരാമർശം (5)ലെ നടപടിക്രമം 21-07-2013 തീയതി പ്രാബല്യത്തിൽ റദ്ദ്ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ജീവനക്കാരന്റെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ടുള്ള പരാമർശം (5) ലെ നടപടിക്രമം, ഈ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട കാര്യാലയ മേധാവി ജീവനക്കാരന്റെ സേവനപുസ്തകത്തിൽ വരുത്തേണ്ടതും അധികമായി കൈപ്പറ്റിയ ശമ്പളം തിരികെ ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച നടപടി റിപ്പോർട്ട് കാര്യാലയമേധാവി ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

ഒപ്പ്

സാമൂഹ്യനീതി ഡയറക്ടർ

ശ്രീ. പി.കെ. മുഹമ്മദ്, ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോഴിക്കോട്

പകർപ്പ്

1. സൂപ്രണ്ട്, ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോഴിക്കോട്
2. ജില്ലാ സാമൂഹ്യ നീതി ആഫീസർ, കോഴിക്കോട്
3. ഫയൽ, സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്